**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5593** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതു ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ഗുണഭോക്താക്കളും സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും, മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. എല്ലാ കുടംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവഹണം നടത്തുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ് 1. ഗ്രാമ പഞ്ചായത്തുകളിലെ വീടുകളിൽ പ്രവർത്തന ക്ഷമമമായ ടാപ്പ് കണക്ഷനുകൾ 2024 നുള്ളിൽ ലഭ്യമാക്കുക. 2. ഗ്രാമ പഞ്ചായത്തിൽ സ്ഥിരമായി വരൾച്ച ബാധിക്കുന്ന പ്രദേശങ്ങൾ, ജല ഗുണനിലവാര പ്രശ്നങ്ങൾ നേരിടുന്ന സ്ഥലങ്ങൾ എന്നിവിടങ്ങൾക്ക് പദ്ധതികളിൽ മുൻഗണന നൽകുക. 3. വിദ്യാലയങ്ങൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ആഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പ് കണക്ഷനുകൾ നൽകുക. 4. പദ്ധതിയിൽ നിർമ്മിക്കുന്ന ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക 5. പ്രാദേശികമായി |

| | | | |
|---|---|---|---|
| | | | കുടിവെള്ള വിതരണത്തിൽ ഉടമസ്ഥതാബോധം ഉറപ്പുവരുത്തുന്നതിനായി പണമായോ, സാധനസാമഗ്രികളായോ അല്ലെങ്കിൽ തൊഴിൽരൂപത്തിലോ ഗ്രാമത്തിലെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. 6. കുടിവെള്ള വിതരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്താനും നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ ധന ലഭ്യത ഉറപ്പാക്കാനും വേണ്ട സഹായം നൽകുക . 7. നിർമ്മാണ പ്രവൃത്തികൾ, പ്ലംബിങ്, ഇലക്ട്രിക്കൽ ജോലികൾ, ജല ഗുണനിലവാര പരിപാലനം , ജല ശുദ്ധീകരണം ജലസ്രോതസ്സുകൾക്ക് ചുറ്റുമുള്ള നീർത്തടത്തിലെ മണ്ണ്, ജല ജൈവ സംരക്ഷണം, പദ്ധതി നടത്തിപ്പ്, പരിപാലനം എന്നിവ തുടർച്ചയായി ഏറ്റെടുക്കാനുള്ള വ്യക്തികളെ കണ്ടെത്തുകയും അവരുടെ ശേഷി കൂട്ടുകയും ചെയ്യുക വഴി ജല വിതരണ മേഖലയെ ശക്തിപ്പെടുത്തുക. 8. കുടിവെള്ളത്തിന്റെ അളവും ഗുണവും സംരക്ഷണവും ഉറപ്പാക്കുന്നതിൽ എല്ലാവർക്കും ചുമതലയും കടമയും ഉത്തരവാദിത്വവും പങ്കും ഉണ്ടെന്ന് വിവിധ ബോധവൽക്കരണ പ്രചാരണ മനോഭാവമാറ്റ പരിപാടികളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തി ജലം എല്ലാപേരുടെയും കൂടിയാണെന്ന കാഴ്ചപ്പാടും സമീപനവും വളർത്തി കൊണ്ടു വരിക. |
| (ബി) | ജലജീവൻ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് ജല ജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇതനുസരിച്ച് നിലവിൽ പൂർത്തീകരിച്ച് ജലവിതരണം നടന്നുവരുന്ന പദ്ധതികളിൽ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. ഇതിനു പുറമെ വിവിധ ശീർഷകങ്ങളിൽ നടന്നുവരുന്ന പദ്ധതികൾ പൂർത്തീകരിച്ച് അതുവഴി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം പൂർത്തീകരിച്ചതും പ്രവൃത്തികൾ പുരോഗമിക്കുന്നതുമായ പദ്ധതികളിലൂടെ പരമാവധി കണക്ഷനുകൾ നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . നിലവിൽ പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിലും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം ആവശ്യമായ പ്രദേശങ്ങളിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു . |

| | | | |
|---|---|---|---|
| | | | മേൽ പ്രവർത്തനങ്ങളിലൂടെ 2024 -ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ജല ജീവൻ മിഷൻ പദ്ധതിയുടെ സമ്പൂർണ ലക്ഷ്യം കൈവരിക്കാനാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനുപുറമെ ജല ഗുണനിലവാര പരിശോധന സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ജല വിതരണം, ഗുണനിലവാരം, സംരക്ഷണം തുടങ്ങിയവ സംബന്ധിച്ചുള്ള പരിശീലന -ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയും പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നുണ്ട്. ജല ജീവൻ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ നിയമസഭാ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും ഇടത്തരം കരാറുകാരെ ഒഴിവാക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ ഏത് തരം കരാറുകാരെയാണ് പ്രവൃത്തി ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള 21,64,801 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളിൽ 21,37,770 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജല ജീവൻ മിഷൻ പ്രവർത്തികളുടെ ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്നും ഒരു വിഭാഗം കരാറുകാരെയും ഒഴിവാക്കിയിട്ടില്ല.പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികളിൽ യോഗ്യരായ എല്ലാ വിഭാഗം കരാറുകാർക്കും പങ്കെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

Annexure

Constituency-wise Details of Household Connections sanctioned under JJM

| District | Assembly Constituency | Total Rural Household (As per IMIS data) | Total connections given till date (as on 10/8/2021) | Households remaining | AS given -2020-21 (Connection Nos) | AS amount ( Rs.in lakhs) |
|---|---|---|---|---|---|---|
| Thiruvananthapuram | Aruvikkara | 80126 | 24487 | 55639 | 27173 | 3862.80 |
| Thiruvananthapuram | Attingal | 57262 | 19986 | 37276 | 19170 | 2379.01 |
| Thiruvananthapuram | Chirayinkeezhu | 70607 | 32974 | 37633 | 11835 | 1644.83 |
| Thiruvananthapuram | Kattakkada | 91118 | 29407 | 61711 | 31966 | 10786.88 |
| Thiruvananthapuram | Kovalam | 74475 | 32691 | 41784 | 17230 | 3901.38 |
| Thiruvananthapuram | Nedumangad | 52248 | 19920 | 32328 | 10935 | 2190.99 |
| Thiruvananthapuram | Neyyattinkara | 51287 | 9790 | 41497 | 5254 | 1257.13 |
| Thiruvananthapuram | Parassala | 86638 | 22526 | 64112 | 37187 | 10401.08 |
| Thiruvananthapuram | Vamanapuram | 75610 | 22781 | 52829 | 16290 | 2698.96 |
| Thiruvananthapuram | Varkala | 46698 | 19316 | 27382 | 20748 | 2755.26 |
| Kollam | Chadayamangalam | 65574 | 16831 | 48743 | 45897 | 14312.70 |
| Kollam | Chathannoor | 63337 | 20434 | 42903 | 19339 | 2463.84 |
| Kollam | Chavara | 51959 | 35595 | 16364 | 7961 | 3667.36 |
| Kollam | Eravipuram | 15873 | 8402 | 7471 | 6354 | 1221.00 |

| | | | | | | |
|---|---|---|---|---|---|---|
| Kollam | Karunagappally | 62825 | 17673 | 45152 | 18004 | 3555.00 |
| Kollam | Kollam | 20098 | 7023 | 13075 | 1200 | 138.72 |
| Kollam | Kottarakkara | 59505 | 10473 | 49032 | 47425 | 14139.28 |
| Kollam | Kundara | 84293 | 30057 | 54236 | 36034 | 12537.50 |
| Kollam | Kunnathur | 72767 | 35385 | 37382 | 27403 | 11466.52 |
| Kollam | Pathanapuram | 62124 | 18310 | 43814 | 49968 | 19814.95 |
| Kollam | Punalur | 57977 | 11721 | 46256 | 41762 | 10508.47 |
| Pathanamthitta | Adoor | 60110 | 12672 | 47438 | 3550 | 607.81 |
| Pathanamthitta | Aranmula | 82850 | 21427 | 61423 | 6360 | 1777.45 |
| Pathanamthitta | Konni | 72946 | 17952 | 54994 | 2788 | 614.78 |
| Pathanamthitta | Ranni | 75627 | 28729 | 46898 | 10366 | 3319.24 |
| Pathanamthitta | Thiruvalla | 66586 | 35462 | 31124 | 8242 | 1569.38 |
| Kottayam | Changanassery | 52763 | 12478 | 40285 | 2302 | 1143.23 |
| Kottayam | Ettumanoor | 47065 | 28939 | 18126 | 22722 | 5490.85 |
| Kottayam | Kaduthuruthy | 61165 | 23096 | 38069 | 23838 | 7395.05 |
| Kottayam | Kanjirappally | 66480 | 13977 | 52503 | 18184 | 11387.82 |
| Kottayam | Kottayam | 20200 | 6201 | 13999 | 15 | 2.12 |
| Kottayam | Pala | 56264 | 14438 | 41826 | 1039 | 145.02 |
| Kottayam | Poonjar | 67927 | 10648 | 57279 | 10893 | 5020.66 |
| Kottayam | Puthupally | 60658 | 17825 | 42833 | 28308 | 17114.56 |
| Kottayam | Vaikom | 50356 | 31428 | 18928 | 17544 | 4199.64 |
| Alappuzha | Alappuzha | 54730 | 25034 | 29696 | 18311 | 2419.33 |
| Alappuzha | Ambalappuzha | 42450 | 31889 | 10561 | 28172 | 5806.09 |

| | | | | | | |
|---|---|---|---|---|---|---|
| Alappuzha | Aroor | 68701 | 63561 | 5140 | 24525 | 2899.40 |
| Alappuzha | Chengannur | 65767 | 12848 | 52919 | 15346 | 7824.45 |
| Alappuzha | Cherthala | 63220 | 48583 | 14637 | 32859 | 4258.10 |
| Alappuzha | Harippad | 64087 | 39844 | 24243 | 11012 | 2603.60 |
| Alappuzha | Kayamkulam | 59493 | 15122 | 44371 | 20792 | 7542.65 |
| Alappuzha | Kuttanad | 59530 | 24577 | 34953 | 2450 | 251.60 |
| Alappuzha | Mavelikkara | 71595 | 18415 | 53180 | 48755 | 12755.12 |
| Idukki | Devikulam | 53407 | 12947 | 40460 | 5655 | 825.20 |
| Idukki | Idukki | 54416 | 14316 | 40100 | 5198 | 946.31 |
| Idukki | Peerumedu | 61857 | 13370 | 48487 | 7248 | 1068.15 |
| Idukki | Thodupuzha | 51758 | 24423 | 27335 | 27222 | 11029.40 |
| Idukki | Udumbanchola | 58196 | 9386 | 48810 | 5599 | 1084.58 |
| Ernakulam | Aluva | 60349 | 27013 | 33336 | 5275 | 584.63 |
| Ernakulam | Angamaly | 51734 | 16738 | 34996 | 13328 | 5195.06 |
| Ernakulam | Ernakulam | 8784 | 8124 | 660 | 361 | 35.00 |
| Ernakulam | Kalamassery | 52611 | 25913 | 26698 | 4720 | 646.20 |
| Ernakulam | Kochi | 17903 | 16140 | 1763 | 2913 | 316.50 |
| Ernakulam | Kothamangalam | 56834 | 22933 | 33901 | 12989 | 5355.00 |
| Ernakulam | Kunnathunad | 67457 | 19278 | 48179 | 22781 | 3156.22 |
| Ernakulam | Muvattupuzha | 55563 | 27250 | 28313 | 10440 | 2096.00 |
| Ernakulam | Paravur | 69935 | 48923 | 21012 | 10698 | 1646.53 |
| Ernakulam | Perumbavoor | 53635 | 19391 | 34244 | 15292 | 1897.23 |
| Ernakulam | Piravom | 53762 | 24391 | 29371 | 9131 | 1702.00 |
| Ernakulam | Thripunithura | 20423 | 11046 | 9377 | 1300 | 417.00 |

| | | | | | | |
|---|---|---|---|---|---|---|
| Ernakulam | Vypin | 59056 | 54666 | 4390 | 5120 | 700.00 |
| Thrissur | Chalakkudy | 48799 | 15197 | 33602 | 13035 | 6021.51 |
| Thrissur | Chelakkara | 59764 | 22097 | 37667 | 6800 | 836.00 |
| Thrissur | Guruvayur | 35146 | 5721 | 29425 | 15275 | 2872.28 |
| Thrissur | Irinjalakuda | 54081 | 15700 | 38381 | 14004 | 1510.20 |
| Thrissur | Kaipamangala m | 55611 | 31083 | 24528 | 20431 | 6185.00 |
| Thrissur | Kodungallur | 47247 | 30171 | 17076 | 2000 | 300.60 |
| Thrissur | Kunnamkulam | 44503 | 10469 | 34034 | 7150 | 1072.44 |
| Thrissur | Manalur | 62581 | 15905 | 46676 | 22406 | 4047.04 |
| Thrissur | Nattika | 60974 | 19972 | 41002 | 22494 | 8071.70 |
| Thrissur | Ollur | 39546 | 11417 | 28129 | 3300 | 754.10 |
| Thrissur | Pudukkad | 53811 | 20416 | 33395 | 17120 | 4906.30 |
| Thrissur | Wadakkanche ry | 46187 | 12059 | 34128 | 4100 | 672.38 |
| Palakkad | Alathur | 58584 | 18592 | 39992 | 36788 | 16890.00 |
| Palakkad | Chittur | 55185 | 23297 | 31888 | 40463 | 10777.11 |
| Palakkad | Kongad | 66102 | 18387 | 47715 | 40026 | 16354.18 |
| Palakkad | Malampuzha | 80254 | 33907 | 46347 | 41068 | 18663.25 |
| Palakkad | Mannarkkad | 55748 | 11481 | 44267 | 30865 | 14181.32 |
| Palakkad | Nenmara | 65586 | 33987 | 31599 | 31432 | 15742.60 |
| Palakkad | Ottappalam | 48844 | 28019 | 20825 | 19966 | 11037.43 |
| Palakkad | Palakkad | 28023 | 6887 | 21136 | 20550 | 9245.35 |
| Palakkad | Pattambi | 47801 | 17458 | 30343 | 37258 | 18161.00 |
| Palakkad | Shoranur | 37946 | 11048 | 26898 | 28470 | 19916.77 |
| Palakkad | Tharur | 58742 | 17143 | 41599 | 19690 | 9829.81 |

| | | | | | | |
|---|---|---|---|---|---|---|
| Palakkad | Thrithala | 59736 | 21910 | 37826 | 23504 | 7671.00 |
| Malappuram | Ernad | 55292 | 14688 | 40604 | 28474 | 4868.98 |
| Malappuram | Kondotty | 44671 | 9744 | 34927 | 32765 | 10800.00 |
| Malappuram | Kottakkal | 44025 | 12424 | 31601 | 26452 | 5762.07 |
| Malappuram | Malappuram | 41953 | 12085 | 29868 | 8086 | 3120.10 |
| Malappuram | Manjeri | 36460 | 2491 | 33969 | 50 | 8.40 |
| Malappuram | Mankada | 58601 | 25873 | 32728 | 35775 | 9543.80 |
| Malappuram | Nilambur | 52805 | 17540 | 35265 | 3500 | 592.10 |
| Malappuram | Perinthalamanna | 46103 | 14523 | 31580 | 6782 | 1926.10 |
| Malappuram | Ponnani | 39972 | 3007 | 36965 | 15599 | 2863.00 |
| Malappuram | Tanur | 42197 | 5178 | 37019 | 350 | 52.60 |
| Malappuram | Thavanur | 59637 | 8390 | 51247 | 28781 | 5673.04 |
| Malappuram | Tirur | 52413 | 10441 | 41972 | 29866 | 7722.99 |
| Malappuram | Tirurangadi | 30658 | 9852 | 20806 | 1025 | 154.03 |
| Malappuram | Vallikkunnu | 68686 | 16778 | 51908 | 10359 | 3165.40 |
| Malappuram | Vengara | 55334 | 15136 | 40198 | 22856 | 7865.68 |
| Malappuram | Wandoor | 68705 | 11531 | 57174 | 13167 | 2084.27 |
| Kozhikode | Balussery | 64611 | 9525 | 55086 | 15391 | 6095.73 |
| Kozhikode | Beypore | 10054 | 9921 | 133 | 3009 | 479.00 |
| Kozhikode | Elathur | 45350 | 11970 | 33380 | 23373 | 7703.85 |
| Kozhikode | Koduvally | 44192 | 13989 | 30203 | 6553 | 1622.85 |
| Kozhikode | Koyilandy | 28425 | 2195 | 26230 | 0 | 0.00 |
| Kozhikode | Kunnamangalam | 65692 | 23332 | 42360 | 40692 | 10882.91 |
| Kozhikode | Kuttiadi | 58751 | 12568 | 46183 | 6742 | 2234.38 |

| | | | | | | |
|---|---|---|---|---|---|---|
| Kozhikode | Nadapuram | 62179 | 12138 | 50041 | 29414 | 11518.50 |
| Kozhikode | Perambra | 54782 | 9304 | 45478 | 14244 | 6616.00 |
| Kozhikode | Thiruvambady | 45506 | 10507 | 34999 | 260 | 77.70 |
| Kozhikode | Vadakara | 35124 | 4173 | 30951 | 600 | 113.08 |
| Wyanad | Kalpetta | 73501 | 14843 | 58658 | 4470 | 963.60 |
| Wyanad | Mananthavadi | 52768 | 14234 | 38534 | 4348 | 838.50 |
| Wyanad | Sulthan Bathery | 65039 | 20313 | 44726 | 5185 | 981.40 |
| Kannur | Azhikode | 41712 | 17578 | 24134 | 12665 | 2470.88 |
| Kannur | Dharmadam | 51035 | 33728 | 17307 | 34952 | 7971.45 |
| Kannur | Irikkur | 57557 | 7301 | 50256 | 966 | 149.19 |
| Kannur | Kalliassery | 57752 | 33570 | 24182 | 43369 | 18191.00 |
| Kannur | Kannur | 6154 | 1935 | 4219 | 50 | 7.00 |
| Kannur | Kuthuparamba | 31472 | 5661 | 25811 | 6230 | 1820.00 |
| Kannur | Mattannur | 42003 | 6912 | 35091 | 2570 | 604.35 |
| Kannur | Payyanur | 38099 | 7137 | 30962 | 4526 | 1339.00 |
| Kannur | Peravoor | 39798 | 3199 | 36599 | 1500 | 225.01 |
| Kannur | Taliparamba | 47134 | 14433 | 32701 | 20586 | 4374.00 |
| Kannur | Thalassery | 27476 | 7122 | 20354 | 9155 | 2030.09 |
| Kasargod | Kanhangad | 49168 | 12918 | 36250 | 15845 | 6352.70 |
| Kasargod | Kasaragod | 42209 | 4046 | 38163 | 2018 | 453.45 |
| Kasargod | Manjesharam | 55816 | 13312 | 42504 | 26047 | 6871.40 |
| Kasargod | Trikaripur | 48390 | 11796 | 36594 | 14988 | 8013.98 |
| Kasargod | Uduma | 57939 | 13088 | 44851 | 10193 | 2222.76 |
| **Total** | | **7068652** | **2403026** | **4665626** | **2164801** | **665698.31** |